# सुयोधनस्य राजनीतिः।

**ഭാഷാന്തരം: കോറമംഗലം കൃഷ്ണകുമാർ,**

विशङ्कमानो भवतः पराभवं
नृपासनस्थोऽपि वनाधिवासिनः।
दुरोदरच्छद्मजितां समीहते
नयेन जेतुं जगतीं सुयोधनः।।१।।

പരാജയാശങ്ക ഭവാനിൽ നിന്നഹോ
വനേ വസിച്ചുള്ളൊരു രാജനാകിലും
ചതിച്ചു ചൂതിൽ ജയിച്ചാഗ്രഹിപ്പവൻ
നയത്തിലിപ്പാരടയാൻ സുയോധനൻ

तथापि जिह्मः स भवज्जिगीषया
तनोति शुभ्रं गुणसम्पदा यशः।
समुन्नयन्भूतिमनार्यसंगमा-
द्वरं विरोधोऽपि समं महात्मभिः।।२।।

തഥാപി വക്രിച്ചു ഭവാനെ നേരിടാൻ
പരത്തിടുന്നമ്മഹിമാ ഗുണങ്ങളാൽ
അനാര്യരൊത്തുള്ളൊരു മോശസൗഹൃദം
മഹാത്മരൊത്തുള്ള വിരോധമേ ഗുണം

कृतारिषड्वर्गजयेन मानवी-
मगम्यरूपां पदवीं प्रपित्सुना।
विभज्य नक्तंदिवमस्ततन्द्रिणा
वितन्यते तेन नयेन पौरुषम्।।३।।

അടക്കിയാറാം മനുനാ രിപുക്കളെ
സഹിപ്പു ക്ലേശം പദവിക്കുചെല്ലുവാൻ.
പകുത്തുരാവും മടിയാതഹസ്സുമായ്
തൻ കാര്യധർമം വഴിപോലെ ചെയ്തവൻ.

सखीनिव प्रीतियुजोऽनुजीविनः
समानमानान्सुहृदश्च बन्धुभिः।
स सन्ततं दर्शयते गतस्मयः
कृताधिपत्यामिव साधु बन्धुताम्।।४।।

സുഹൃത്തിവ പ്രീതിയുണർന്നു ഭൃത്യരിൽ
സുഹൃജ്ജനം താൻ സ്വസമാന ബാന്ധവർ
അഹം ഭവിക്കാതയി കാട്ടുന്നു നിത്യവും
നടത്തിടും പോലുചിതത്തിൽ ബാന്ധവം.

असक्तमाराधयतो यथायथं
विभज्य भक्त्या समपक्षपातया।
गुणानुरागादिव सख्यमीयिवा-
न्न बाधतेऽस्य त्रिगणः परस्परम्।।५।।

അശേഷമാശാരഹിതം യഥാവിധി
നടത്തിരാഗാതൊരുപക്ഷവും വിനാ
ഗുണങ്ങൾ കണ്ടിട്ടു സഖാക്കളായവർ
ധർമാർഥകാമങ്ങളെതിർത്തതില്ലിഹ

वसूनि वाञ्छन्न वशी न मन्युना
स्वधर्म इत्येव निवृत्तकारणः।
गुरूपदिष्टेन रिपौ सुतेऽपि वा
निहन्ति दण्डेन स धर्मविप्लवम्।।६।।

ധനാദിമോഹങ്ങളണഞ്ഞു കോപവും
തൻകാര്യമാണെന്നൊരു കാരണത്താൽ.
ഗുരുക്കളൊത്താത്മജ രിപുക്കളെയും
അടക്കിവാണാനധർമത്തെയെന്നുമേ

विधाय रक्षान्परितः परेतरा-
नशङ्कितारमुपैति शङ्कितः।
क्रियापवर्गेष्वनुजीविसात्कृताःक
कृतज्ञतामस्य वदन्ति सम्पदः।।

നൽകീട്ടുരക്ഷയ്ക്കൊരുപാടൊരിഷ്ടരെ
നടപ്പു പേടിച്ചുമഭീതനായിവ.
കർമാന്തമാഭൃത്യജനാർജിതങ്ങളാം
വസുക്കളോതുന്നിവനുള്ള നന്ദിയും.

सुखेन लभ्या दधतः कृषीवलै-
रकृष्टपच्या इव सस्यसम्पदः।
वितन्वति क्षेममदेवमातृका-
श्चिराय तस्मिन् कुरवश्चकासति।।

സുഖേന നേടുന്നവയേന്തി കർഷകർ
നടാതെ കൊയ്യുന്നൊരു സസ്യസമ്പദം
നദീജലത്താൽ സസുഖഞ്ച വാണിടും
തിളങ്ങി നിൽപ്പൂ കുരുദേശവാസികൾ.

न तेन सज्यं क्वचिदुद्यतं धनु
कृतं न वा कोपविजिह्ममाननम्।
गुणानुरागेण शिरोभिरुह्यते
नराधिपैर्माल्यमिवास्य शासनम्।।

എടുത്തില്ല വില്ലൊട്ടു ഞാൺകെട്ടിയെന്നും
ചുളിഞ്ഞില്ല വില്ലായി ചില്ലീയുഗളവും
ഗുണങ്ങൾ കൊണ്ടിട്ടു ശിരസ്സിലേൽപവർ
മഹീശരും മാലകണക്കെ ശാസനം.

.................